To serve Thy people

VOL. 09, No. 01, March 2015

DIOCESAN BULLETIN

# BHADRADEEPA

Eparchy of Bhadravathi



## WAKE UP THE WORLD !

2015 Year of Consecrated Life

*Hearty Congratulations to*



## Rev. Fr. Sebastian Pullukatt

ordained for the Diocese of Bhadravathi
on 27 January 2015 by
**His Excellency Mar Joseph Arumachadath**
at St. Sebastian's Church, Marottichal, Trichur

# ഭദ്രദീപ

**ഭദ്രാവതി രൂപതാബുള്ളറ്റിൻ**

**Vol. 9, No.1** **March, 2015**

Edited & Published by Dr. Francis Allumpurath, O. Praem
Bishop’s House, St. Joseph’s Church, Sagar Road,
Shimoga - 577 204, Karnataka.

Cover Design : Ajai Elavuthinkal

Printed at : Matha Printers, Bangalore
9886809060

*for private circulation only*

ഉള്ളടക്കം

ഇടയലേഖനം .......................................................... 4

ഫ്രാൻസിസ് പാപ്പായുടെ നോമ്പുകാലസന്ദേശം – 2015 .... 10

മേജർ ആർച്ച്ബിഷപ്പിന്റെ സർക്കുലർ ............................ 18

ഇടയലേഖനം – പ്രസിഡന്റ് CBCI ................................... 22

രൂപതാകച്ചേരി വാർത്തകൾ.......................................... 29

മതബോധനം – ബൈബിൾ .......................................... 32

യുവജനപ്രേഷിതത്വം................................................ 34

വൊക്കേഷൻ ബ്യൂറോ ................................................ 35

സാമൂഹ്യസേവന വിഭാഗം ............................................ 36

Bishop's Diary.......................................................... 40

Bishop's Engagements............................................. 42

Kannada Section ..................................................... 44

# ഇടയലേഖനം

ഈശോയിൽ പ്രിയ സഹോദരീസഹോദരന്മാരേ,

പശ്ചാത്താപത്തിന്റെയും, പ്രായശ്ചിത്തത്തിന്റെയും, ജീവിതനവീകരണത്തിന്റെയും വഴിയിലൂടെ നടന്നുകൊണ്ട് നോമ്പുകാലത്തിലൂടെ കടന്നു പോവുകയാണല്ലോ നാം. നമ്മെത്തന്നെ ദൈവതിരുമുമ്പിൽ നിറുത്തികൊണ്ട്, നമ്മുടെ ജീവിതത്തെയും, ജീവിതത്തിൽ നാമെടുക്കുന്ന തീരുമാനങ്ങളെയും, തിരഞ്ഞെടുപ്പുകളെയും വിലയിരുത്തുന്നതിനും, ദൈവത്തോടും സഹജീവികളോടുമുള്ള നമ്മുടെ മനോഭാവങ്ങളെ പരിശോദിക്കുന്നതിനും, വേണ്ട തിരുത്തലുകൾ വരുത്തുന്നതിനുമൊക്കെയുള്ള വിലയേറിയ അവസരമാണ് നോമ്പുകാലം. ഈ അവസരം ഏറ്റം നന്നായി ഉപയോഗപ്പെടുത്തി ഈശോയിൽ നമ്മുടെ ജീവിതങ്ങളെ നവീകരിക്കുന്നതിനും, വിശ്വാസജീവിതത്തിൽ ആഴപ്പെടുന്നതിനും നമുക്കേവർക്കും കഴിയട്ടെ! പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപ്പാപ്പ ഈ വർഷത്തെ തന്റെ നോമ്പുകാല സന്ദേശത്തിലും മറ്റവസരങ്ങളിലുമായി നൽകിയിട്ടുള്ള ചിന്തകളുടെ വെളിച്ചത്തിൽ ഈ നോമ്പുകാലം ഏറ്റം ഫലപ്രദമായി ചിലവഴിക്കുവാൻ സഹായിക്കുന്ന ചില ആശയങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കുവാൻ ഞാനാഗ്രഹിക്കുന്നു.

പരിശുദ്ധ പിതാവ് ഈ വർഷത്തെ തന്റെ നോമ്പുകാല സന്ദേശത്തിൽ ഊന്നിപറയുന്നത് ഇന്നത്തെ സമൂഹത്തിൽ ദൈവത്തോടും സഹോദരങ്ങളോടുമുള്ള ബന്ധത്തിൽ വളർന്നു വരുന്ന നിസ്സംഗതാമനോഭാവത്തെക്കുറിച്ചും, അതിൽ നിന്നും മോചനം പ്രാപിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുമാണ്. ഇന്നത്തെ സംസ്കാരവും, നാം ജീവിക്കുന്ന ചുറ്റുപാടുകളുമൊക്കെ ഒരുവനെ അവന്റെ തന്നെ നേട്ടങ്ങളെയും, സുങ്ങളെയും, സന്തോഷത്തെയും കുറിച്ചു മാത്രം ചിന്തിക്കുന്നതിനും, അപരന്റെ പ്രശ്നങ്ങളെയും, വേദനകളെയും, അവനനുഭവിക്കുന്ന അനീതിയെയും കുറിച്ച് താൽപര്യമെടുക്കാതിരിക്കുന്നതിനും പ്രേരിപ്പിക്കുന്നു. ഒരുവന് ആരോഗ്യവും, സുസ്ഥിതിയും, സന്തോഷവുമുള്ളപ്പോൾ മറ്റുള്ളവരുടെ ഇല്ലായ്മകളെക്കുറിച്ച് അവൻ

ചിന്തിക്കുന്നില്ല. 'നിസ്സംഗതയുടെ ഈ ആഗോളവൽക്കരണമാണ് ഇന്നു നടക്കുന്നത്'' എന്ന് പരിശുദ്ധപിതാവ് പറയുന്നു. ദൈവത്തോടും, സഹോദരങ്ങളോടുമുള്ള ഈ നിസ്സംഗതയിൽ നിന്ന് ക്രൈസ്തവരായ നാമും മോചിതരല്ല എന്നു നാമറിയണം. ക്രൈസ്തവ ജീവിതത്തിന്റെ കാതലെന്തെന്നറിഞ്ഞാൽ നമുക്കൊരിക്കലും നിസ്സംഗരാകാൻ കഴിയില്ല എന്ന് പരിശുദ്ധ പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു. കാരണം ദൈവം നമ്മോടൊരിക്കലും നിസ്സംഗത കാണിക്കുന്നില്ല. നമ്മുടെ രക്ഷക്കായി തന്റെ ഏകജാതനെ നൽകുവാൻ തക്കവിധം അത്രയധികം നമ്മെ സ്നേഹിക്കുന്നവനാണവിടുന്ന്. സ്വയം നൽകുന്ന ഈ ദൈവസ്നേഹത്തിന്റെ ആഴം അനുഭവിക്കുന്നതിനും, അത് നമ്മുടെ ജീവിതത്തിലൂടെ മറ്റുള്ളവർക്ക് പകർന്നു കൊടുക്കുന്നതിനും ഈ നോമ്പുകാലം നമ്മെ സഹായിക്കണം. ഈ കാലഘട്ടത്തിലെ നമ്മുടെ പ്രാർത്ഥനയും, ബലിയർപ്പണവും, ദൈവവചനധ്യാനവുമൊക്കെ നമ്മുടെ നിസ്സംഗമനോഭാവത്തിൽ നിന്ന് മോചനം നേടാൻ നമ്മെ പ്രാപ്തരാക്കണം.

തന്റെ പരസ്യജീവിത്തിനൊരുക്കമായി 40 ദിനരാത്രങ്ങൾ ഉപവസിച്ചു പ്രാർത്ഥിച്ച, പരസ്യജീവിതത്തിന്റെ ഓരോദിനവും എല്ലാനിമിഷങ്ങളിലും, ഗദ്സമനിയിലും, കുരിശിന്റെ വഴിയിലും പ്രാർത്ഥനയിലൂടെ പിതാവിന്റെ ഇഷ്ടം അന്വേഷിച്ച ഈശോയെ അനുകരിച്ച്, തീക്ഷണമായ പ്രാർത്ഥനാനുഭവത്തിൽ വളരാനുള്ള അവസരമാകണം ഈ നോമ്പുകാലം നമുക്ക്. മനുഷ്യസഹനത്തിന്റെ വാർത്തകളും, ചിത്രങ്ങളും ഒരു പ്രളയം പോലെ ഓരോദിവസവും നമ്മുടെ കണ്ണുകളിലേക്കും കാതുകളിലേക്കും എത്തുമ്പോൾ ഹൃദയം കഠിനമാക്കാതെ ദൈവസ്നേഹത്തിന്റെ കരുതലും, കാരുണ്യവും അനുഭവിച്ചറിയുവാൻ പ്രാർത്ഥനയാകുന്ന സമുദ്രത്തിലേക്ക് ആഴത്തിൽ മുങ്ങുവാൻ നമുക്കു കഴിയണമെന്ന് പരിശുദ്ധ പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു. ഈ നോമ്പുകാലത്ത് വ്യക്തിപരമായ പ്രാർത്ഥനയ്ക്കും, കുടുംബപ്രാർത്ഥനയ്ക്കും, സമൂഹാത്മകപ്രാർത്ഥനയ്ക്കും നമുക്ക് ഊന്നൽ നൽകാം പ്രാർത്ഥനയിലൂടെ നമ്മെക്കുറിച്ചുള്ള ദൈവഹിതം മനസ്സിലാക്കാനും അത് നിറവേറ്റാനും നമുക്ക് കഴിയണം. കുടുംബപ്രാർത്ഥനയ്ക്ക് നമുക്ക് പ്രത്യേകശ്രദ്ധ നൽകാം. നമ്മുടെ ഏതെങ്കിലും കുടുബങ്ങളിൽ മാതാപി

താക്കളും മക്കളും ഒരുമിച്ച് പ്രാർത്ഥിക്കുന്ന പതിവ് നിന്നു പോയിട്ടുണ്ടെങ്കിൽ അത് എത്രയും വേഗം പുനരാരംഭിക്കണമെന്ന് നിങ്ങളോടു ഞാനഭ്യർത്ഥിക്കുന്നു. ക്രൈസ്തവകുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് സഭ ആഗോളതലത്തിൽ ചിന്തിക്കുന്ന ഈ വർഷം നമ്മുടെ കുടുംബബന്ധങ്ങളെ പ്രാർത്ഥനയിലൂടെ നമുക്കുറപ്പിക്കാം. അതോടൊപ്പം പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങളെയും നമ്മുടെ പ്രാർത്ഥനയുടെ വിഷയമാക്കാം.

ഈശോമിശിഹായെ അടുത്തറിയുവാനും അനുകരിക്കുവാനും നോമ്പുകാലം നമ്മെ സഹായിക്കണം. ദൈവവചനധ്യാനവും, കൂദാശകളിൽ പ്രത്യേകിച്ച്, വി. കുർബ്ബായിലുള്ള സജീവമായ പങ്കുചേരലും അതിനു നമ്മെ സഹായിക്കും.ദൈവവചനം വായിക്കുവാനും, ധ്യാനിക്കുവാനും നാം കൂടുതൽ സമയം ചിലവഴിക്കണം. നോമ്പുകാലത്ത് നമ്മുടെ ഇടവകകളിൽ നടക്കുന്ന വചനശുശ്രൂഷകളിലും, ധ്യാനശുശ്രൂഷകളിലും തൽപര്യപൂർവ്വം പങ്കെടുക്കുവാൻ നാം സമയം കണ്ടെത്തണം.

വി. കുർബ്ബാനയിൽ പങ്കുചേരുകയും, കർത്താവിന്റെ തിരുശരീരരക്തങ്ങൾ സ്വീകരിക്കുകയും ചെയ്യുമ്പോൾ നാം എന്താണോ സ്വീകരിക്കുന്നത്, അതായിത്തീരുന്നു എന്ന് ഫ്രാൻസീസ് മാർപ്പാപ്പ നമ്മെ ഓർമിപ്പിക്കുന്നു. വി. കുർബ്ബാന സ്വീകരിക്കുന്ന നാം കർത്താവിന്റെ ശരീരത്തിന്റെ ഭാഗമാകുന്നു – സഭയായിത്തീരുന്നു. ഇവിടെ നമുക്കാർക്കും നിസ്സംഗരായിരിക്കുവാൻ കഴിയില്ല. കാരണം വി. പൗലോസ് ശ്ലീഹാ കൊറീന്ത്യലേനത്തിൽ പറയുന്നതുപോലെ, 'ഒരു അവയവം വേദന അനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദന അനുഭവിക്കുന്നു. ഒരു അവയവം പ്രശംസിക്കപ്പെടുമ്പോൾ എല്ലാ അവയവങ്ങളും പ്രശംസിക്കപ്പെടുന്നു'' (1 കൊറി. 12:26). ലോകമെമ്പാടും നമ്മുടെ സഹോദരങ്ങൾ വിശ്വാസത്തെ പ്രതി പീഡിപ്പിക്കപ്പെടുമ്പോൾ, അറുംകൊല ചെയ്യപ്പെടുമ്പോൾ നമുക്ക് വേദനിക്കുന്നില്ലെങ്കിൽ, നമുക്ക് ചുറ്റും സ്ത്രീകളും, പിഞ്ചുകുട്ടികളും പീഡനത്തിനിരയാകുമ്പോൾ, സമൂഹത്തിന്റെ പുറമ്പോക്കുകളിൽ സാധുക്കളും ദരിദ്രരും, ചൂഷണത്തിനും,

അക്രമത്തിനും വിധേയരാകുമ്പോൾ നാം നിസ്സംഗരായിരിക്കുന്നെങ്കിൽ, ഈശോയുടെ ശരീരമായിത്തീർന്നു എന്ന് നമുക്ക് അവകാശപ്പെടാനവുമോ? മനുഷ്യസഹനങ്ങളുടെ മുമ്പിൽ നിസ്സംഗത വെടിയാൻ വി. കുർബ്ബാന നമ്മെ നിർബന്ധിക്കുന്നു.

പ്രാർത്ഥനയോടൊപ്പം ഉപവാസത്തിന്റെയും, പരിത്യാഗത്തിന്റെയും വഴികളിലൂടെ ആത്മീയജീവിതത്തിൽ മുന്നേറാനും നോമ്പുകാലം നാമുപയോഗിക്കണം. ഉപവാസം എന്നു പറയുന്നത് കേവലം ഭക്ഷണപാനീയങ്ങളുടെ ത്യജിക്കൽ മാത്രമായി നാം കാണരുത്. 'ഉപവാസം' എന്ന വാക്കിന്റെ വാച്യാർത്ഥം 'അടുത്തിരിക്കുക', 'കൂടെയിരിക്കുക' എന്നൊക്കെയാണ്. ഈശോ തന്റെ ശിഷ്യരെ വിളിച്ചത് 'അവിടുത്തോടു കൂടെയായിരിക്കുവാനും, തന്റെ ദൗത്യം തുടരാനായി അയക്കപ്പെടുവാനുമാണ് (മർക്കോസ് 3:14). കർത്താവിനോടുകൂടെയായിരിക്കുവാൻ കഴിയന്നമെങ്കിൽ, അവിടുന്നിൽ നിന്നും നമ്മെ അകറ്റുന്ന എല്ലാറ്റിൽ നിന്നും അകന്നു മാറുവാൻ നമുക്കു കഴിയനം. മറ്റു പലതിനോടുമുള്ള 'ഉപവാസം', ഉദാഹരണത്തിന്: മദ്യപാനം, മക്കുമരുന്ന് തുടങ്ങിയ ദുശ്ശീലങ്ങൾ; മൊബൈൽ ഫോൺ, ഇന്റർനെറ്റ്, ടെലവിഷൻ സീരിയലുകൾ തുടങ്ങിയവയുടെ അമിതവും, അനിയന്ത്രിതവുമായ ഉപയോഗം; തെറ്റിലേക്ക് നമ്മെ നയിക്കവുന്ന വ്യക്തികളോടും, സാഹചര്യങ്ങളോടുമുള്ള ബന്ധം; തുടങ്ങിയവയൊക്കെ ദൈവവുമയുള്ള ഉപവാസത്തിൽ നിന്നും നമ്മെ അകറ്റുന്നവയാണ്. അതിനാൽതന്നെ ഇവയൊക്കെ നിയന്ത്രിക്കാതെയുള്ള നമ്മുടെ ഉപവാസം അർത്ഥത്തും, ഫലവത്തും ആകില്ല.

പരിത്യാഗമനോഭാവത്തിൽ വളരുന്നതിനുള്ള ഏറ്റം നല്ല സമയമാണ് നോമ്പുകാലം. നമ്മുടെ ആത്മീയ ജീവിതവളർച്ചയ്ക്കും, ഒപ്പം മറ്റുള്ളവരെ സഹായിക്കുന്നതിനുമായി എന്തൊക്കെ കാര്യങ്ങൾ വേണ്ടെന്നു വയ്ക്കാമെന്ന് കണ്ടെത്താനും, അതു നടപ്പാക്കാനും നമുക്ക് കഴിയണം. എല്ലാ രീതിയിലുമുള്ള ധൂർത്ത് – ധനത്തിന്റെ ധൂർത്ത്, വസ്ത്ര–ആഭരണങ്ങളുടെ ധൂർത്ത്, ഭക്ഷണത്തിന്റെ ധൂർത്ത് – ഒക്കെ ഒഴിവാക്കുവാൻ നമുക്ക് കഴിയനം. പരിത്യാഗത്തിൽ നിന്നു വേണം നമ്മുടെ

പരസ്നേഹപ്രവർത്തികൾ ഉടലെടുക്കുവാൻ. ത്യാഗത്തിന്റെ വേദനയില്ലാത്ത പരസ്നേഹപ്രവർത്തികളെ സംശയത്തോടെയേ കാണാനാവൂ എന്ന ഫ്രാൻസീസ് മാർപ്പാപ്പയുടെ വാക്കുകളുടെ അർത്ഥം നാം മനസ്സിലാക്കണം.

നോമ്പുകാലത്തെ നമ്മുടെ ഉപവാസത്തിന്റെയും, പരിത്യാഗത്തിന്റെയും ഫലമായി മിച്ചം വയ്ക്കുവാൻ കഴിയുന്നവ, കഷ്ടപ്പെടുകയും ദുരിതമനുഭവിക്കുകയും ചെയ്യുന്ന നമ്മുടെ സഹോദരങ്ങളുമായി പങ്കുവയ്ക്കുവാൻ നമുക്ക് കഴിയണം. സഹായം അർഹിക്കുന്നവരെല്ലാം നമ്മുടെ സഹോദരങ്ങളും അയൽക്കാരുമാണെന്ന കാര്യം നാം മറക്കരുത്. 'ലൗകീക സമ്പത്തുണ്ടായിരിക്കെ ഒരുവൻ തന്റെ സഹോദരനെ സഹായമർഹിക്കുന്നവനായി കണ്ടിട്ടും, അവനെതിരെ ഹൃദയം അടയ്ക്കുന്നുവെങ്കിൽ, അവനിൽ ദൈവസ്നേഹം എങ്ങനെ കുടികൊള്ളും'' എന്ന വി. യോഹന്നാൻ ശ്ലീഹായുടെ വാക്കുകളും നമുക്കോർക്കാം (1 യോഹ. 3:17). നമ്മുടെ ഇടയിൽ വേദനിക്കുന്നവരും ദുരിതമനുഭവിക്കുന്നവരുമായ സഹോദരങ്ങളെ സഹായിക്കുവാനയി രൂപതയിൽ പ്രവർത്തിക്കുന്ന 'ജീവകാരുണ്യനിധി'യെക്കുറിച്ച് ഈയവസരത്തിൽ നിങ്ങളെ ഞാനോർമ്മിപ്പിക്കുന്നു. ജീവിതത്തിലെ അത്യാവശ്യങ്ങൾ പോലും നിറവേറ്റാൻ കഷടപ്പെടുന്ന അനേകർ നമ്മുടെ ഇടയിലുള്ളപ്പോൾ, നമ്മുടെ ചില ആവശ്യങ്ങൾപ്പോലും ത്യാഗമനസ്സോടെ ഒഴിവാക്കി ഉയിർപ്പുതിരുന്നാളിൽ നാമെടുക്കുന്ന 'ജീവകാരുണ്യനിധി'യിലേക്ക് ഉദാരമായി സംഭവന നൽകണമെന്ന് സ്നേഹപൂർവ്വം ഞാനഭ്യർത്ഥിക്കുന്നു.

ദൈവത്തോടും സഹോദരങ്ങളോടുമുള്ള നിസ്സംഗത വെടിയാനാണ് ഈ നോമ്പുകാലത്ത് നാം ഊന്നൽ നൽകുന്നതെങ്കിൽ, നമ്മുടെ ഈ പരിശ്രമം ഫലവത്താകാൻ നമ്മുടെ ചുറ്റുപാടുകളോടും, പ്രകൃതിയോടുമുള്ള നിസ്സംഗത വെടിയാനും നമുക്കു കഴിയണം. ദൈവം ഈ പ്രപഞ്ചത്തേയും, അതിലുള്ള സകലതിനെയും, സസ്യജാലങ്ങളെയും, ജന്തുജാലങ്ങളെയും സൃഷ്ടിച്ചശേഷം, ഏറ്റം അവസാനമായി മനുഷ്യനെ സൃഷ്ടിച്ചതായി ഉൽപത്തി പുസ്തകത്തിൽ നാം വായിക്കുന്നു (ഉൽ.

1:26–27). ഇവയെല്ലാം സംരക്ഷിക്കുന്നതിനും, മുന്നോട്ട് നയിക്കുന്നതിനും ദൈവം അവനെ ഉത്തരവാദിത്വമേൽപിക്കുന്നു. മറ്റുവാക്കുകളിൽ, മനുഷ്യന്റെ നിലനിൽപ്, പ്രകൃതിയുടെയും, അതിലെ എല്ലാ സസ്യ–ജീവജാലങ്ങളുടെയും നിലനിൽപിനോട് ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽതന്നെ പ്രകൃതിയോടും ജീവജാലങ്ങളോടും നിസ്സംഗത പുലർത്താൻ നമുക്കാവില്ല. പ്രയോഗികമായി: നാം ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ചുറ്റുപാടുകൾ, നമ്മുടെ വീടും പരിസരങ്ങളും, കൃഷിയിടങ്ങളും കച്ചവടസ്ഥലങ്ങളും, സ്കൂളുകളും ഓഫീസുകളും, പൊതുസ്ഥലങ്ങളുമൊക്കെ വൃത്തിയായും, നിർമ്മലമായും സൂക്ഷിക്കുവാൻ നമുക്ക് പ്രതിജ്ഞയെടുക്കാം. പ്രകൃതിയെ മലീനസമാക്കുന്ന വിഷവസ്തുക്കളും, പ്ലാസ്റ്റിക്ക്, തെർമോകോൾ തുടങ്ങിയവയുടെ ഉപയോഗവും കഴിയുന്നത്ര കുറയ്ക്കുകയും, ക്രമേണ ഇല്ലാതാക്കുകയും ചെയ്യാം.

നിങ്ങൾക്കെല്ലാവർക്കും ജീവിതനവീകരണത്തിനും, ആദ്ധ്യാത്മികാഭിവൃദ്ധിക്കും ഉപകരിക്കുന്ന നോമ്പുകാലവും, അനുഗ്രഹപ്രദമായ വലിയആഴ്ചയും ഉത്ഥിതനായ ഈശോയുടെ കൃപനിറഞ്ഞ, സന്തോഷകരമായ ഉയിർപ്പുതിരുന്നാളും നേരുന്നു. ഉത്ഥിതനായ ഈശോ നിങ്ങളെല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം,



മാർ ജോസഫ് അരുമച്ചാടത്ത്
ഭദ്രാവതി രൂപതയുടെ മെത്രാൻ

## ഫ്രാൻസിസ് പാപ്പായുടെ നോമ്പുകാലസന്ദേശം – 2015
## നിങ്ങൾ ദൃഢചിത്തരായിരിക്കുവിൻ (യാക്കോ. 5:8)

പ്രിയ സഹോദരീസഹോദരന്മാരേ,

നോമ്പുകാലം മുഴുവൻ സഭയുടെയും നവീകരണകാലമാണ്, ഓരോ സമൂഹത്തിന്റെയും ഓരോ വിശ്വാസിയുടെയും നവീകരണകാലം. സർവോപരി അത് 'കൃപാവരത്തിന്റെ കാലമാണ്' (2 കോറി 6:2). ദൈവം ആദ്യം നമുക്കു നല്കാത്തതൊന്ന് നമ്മിൽനിന്ന് ആവശ്യപ്പെടുന്നില്ല. 'അവിടന്ന് ആദ്യം നമ്മെ സ്നേഹിച്ചു. അതുകൊണ്ട് നാം അവിടത്തെ സ്നേഹിക്കുന്നു' (1 യോഹ 4:19). അവിടന്ന് നമ്മിൽ നിന്ന് അകന്നു നില്ക്കുന്നില്ല. അവിടത്തെ ഹൃദയത്തിൽ നമുക്ക് ഓരോരുത്തർക്കും സ്ഥാനമുണ്ട്. അവിടന്ന് നമ്മുടെ പേര് അറിയുന്നു. അവിടന്ന് നമ്മെ കാത്തുസൂക്ഷിക്കുന്നു. നാം അവിടന്നിൽ നിന്ന് അകന്നുപോകുമ്പോൾ അന്വേഷിച്ചുവരുന്നു. നമ്മിൽ ഓരോ വ്യക്തിയെ സംബന്ധിച്ചും അവിടത്തേക്കു താത്പര്യമുണ്ട്. നമുക്കു സംഭവിക്കുന്നതിനെ സംബന്ധിച്ച് നിസ്സംഗത പുലർത്താൻ അവിടത്തെ സ്നേഹം അവിടത്തെ അനുവദിക്കുന്നല്ല. സാധാരണമായി, നമ്മൾ ആരോഗ്യവും സ്വസ്ഥതയു മുള്ളവരായിരിക്കുമ്പോൾ മറ്റുള്ളവരെ മറക്കുന്നു (പിതാവായ ദൈവം ഒരിക്കലും ചെയ്യാത്ത കാര്യമാണത്). അവരുടെ പ്രശ്നങ്ങളിലും സഹന ങ്ങളിലും അവർ അനുഭവിക്കുന്ന അനീതികളിലും നമുക്കു താത് പര്യമില്ലാതാകുന്നു. നമ്മുടെ ഹൃദയം തണുത്തതായിത്തീരുന്നു. എനിക്ക് ആരോഗ്യവും സ്വസ്ഥതയും ഉള്ളപ്പോൾ മറ്റുള്ളവരുടെ ഇല്ലായ്മക ളെപ്പറ്റി ഞാൻ ചിന്തിക്കുന്നില്ല. ഇന്ന് നിസ്സംഗതയുടെ ഈ സ്വാർത്ഥത ആഗോളവ്യാപകമായിട്ടുണ്ട്. നിസ്സംഗതയുടെ ആഗോളവത്കരണമെന്നു നമുക്കു പറയാൻ തക്കവിധം അത് വ്യാപിച്ചിരിക്കുകയാണ്. ക്രൈസ് തവരെന്ന നിലയിൽ നാം നേരിടേണ്ട പ്രശ്നമാണിത്.

ദൈവജനം ദൈവത്തിലേക്കു തിരിയുമ്പോൾ, ചരിത്രം നിരന്തരം ഉയർത്തുന്ന ചോദ്യങ്ങൾക്കു ഉത്തരം നല്കാൻ അവർക്കു കഴിയും. ഈ സന്ദേശത്തിൽ ഞാൻ പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്നത് ഏറ്റവും അടി

യന്തിരസ്വഭാവമുള്ള നിസ്സംഗതയുടെ ആഗോളവത്കരണമെന്ന വെല്ലുവിളിയാണ്.

അയൽക്കാരനോടും ദൈവത്തോടും നിസ്സംഗത പുലർത്തുകയെന്നത് ക്രിസ്ത്യാനികൾക്കും ഒരു യഥാർത്ഥ പ്രലോഭനമാണ്. വിളിച്ചു പറയുകയും നമ്മുടെ മനസ്സാക്ഷിയെ അസ്വസ്ഥതപ്പെടുത്തുകയും ചെയ്യുന്ന പ്രവാചകരുടെ ശബ്ദം ഓരോ വർഷവും നോമ്പുകാലത്ത് നാം വീണ്ടും കേൾക്കണം.

ദൈവം നമ്മുടെ ലോകത്തെ സംബന്ധിച്ച് നിസ്സംഗത പുലർത്തുന്നില്ല. തന്റെ പുത്രനെ നമ്മുടെ രക്ഷയ്ക്കായി നല്കത്തക്കവിധത്തിൽ അവിടന്ന് ലോകത്തെ സ്നേഹിച്ചു. ദൈവപുത്രന്റെ മനുഷ്യാവതാരത്തിലും ഭൗമികജീവിതത്തിലും മരണത്തിലും ഉത്ഥാനത്തിലും ദൈവത്തിനും മനുഷ്യനുമിടയ്ക്കുള്ള, സ്വർഗത്തിനും ഭൂമിക്കും ഇടയ്ക്കുള്ള കവാടം എന്നേക്കുമായി തുറക്കപ്പെടുന്നു. ഈ കവാടം തുറന്നുപിടിച്ചിരിക്കുന്ന കൈപോലെയാണു സഭ. അവളുടെ ദൈവവചനപ്രഘോഷണവും കൂദാശകളുടെ ആഘോഷവും സ്നേഹത്തിലൂടെ പ്രവർത്തിക്കുന്ന അവളുടെ വിശ്വാസസാക്ഷ്യവും മൂലം (cf ഗല. 5:6) അപ്രകാരമായിരിക്കുന്നു. എന്നാൽ, ലോകം തന്നിലേക്കു തന്നെ ചുരുങ്ങാനുള്ള പ്രവണത കാണിക്കുന്നു. ദൈവം ലോകത്തിലേക്കു കടക്കുന്നതായ കവാടം അടയ്ക്കുകയും ചെയ്യുന്നു. അതുകൊണ്ട് സഭയാകുന്ന കരം നിരസിക്കപ്പെടുകയോ ഞെരുക്കപ്പെടുകയോ മുറിവേല്പിക്കപ്പെടുകയോ ചെയ്യുമ്പോൾ സഭ ഒരിക്കലും വിസ്മയിക്കേണ്ടതില്ല.

അപ്പോൾ ദൈവജനത്തിന് ഈ ആന്തരിക നവീകരണം ആവശ്യമാണ്. നമ്മൾ നിസ്സംഗരും നമ്മിലേക്കുതന്നെ ചുരുങ്ങുന്നവരുമാകാതിരിക്കാൻ വേണ്ടിയാണത്. ഈ നവീകരണത്തെ വികസിപ്പിക്കാൻ നമ്മുടെ വിചിന്തനത്തിനായി മൂന്നു ബൈബിൾ പാഠങ്ങൾ നിർദ്ദേശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

1. 'ഒരു അവയവം വേദനയനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദനയനുഭവിക്കുന്നു' (1 കോറി. 12:26)

നിസ്സംഗതയെന്ന നമ്മിലേക്കു തന്നെയുള്ള നാശകരമായ പിന്തിരിയലി ലേക്ക് ദൈവസ്നേഹം കടന്നുവരുന്നു. സഭ ഈ ദൈവസ്നേഹത്തെ പ്രബോധനം വഴിയും പ്രത്യേകിച്ച് സാക്ഷ്യം വഴിയും നമുക്കു നല്കുന്നു. എന്നാൽ നാം അനുഭവിച്ചതിനു സാക്ഷ്യം നല്കാനേ നമുക്കു കഴിയുക യുള്ളൂ. ദൈവം ക്രിസ്തുവിനോടൊപ്പം നന്മയും കാരുണ്യവും അണി യിച്ചവരാണു ക്രൈസ്തവർ. ക്രിസ്തുവിനെപ്പോലെ ദൈവത്തിന്റെയും മറ്റുള്ളവരുടെയും ദാസരാകാൻ വേണ്ടിയാണത്. ഈ വസ്തുത പെസഹാ വ്യാഴാഴ്ചയിലെ ലിറ്റർജിയിൽ കാണാം. കാൽകഴുകൽ എന്ന അനുഷ് ഠാനം അതോടൊപ്പമുണ്ട്. യേശു തന്റെ കാലുകഴുകണമെന്ന് പത്രോസ് ആഗ്രഹിച്ചില്ല. എന്നാൽ അദ്ദേഹം ഒരു വസ്തുത മനസ്സിലാക്കി. നമ്മൾ പരസ്പരം കാലുകൾ കഴുകുന്നതിന്റെ മാതൃക മാത്രമായിരിക്കാനല്ല യേശു ആഗ്രഹിച്ചതെന്നതാണ് ആ വസ്തുത. തങ്ങളുടെ കാലുകൾ കഴുകാൻ യേശുവിനെ അനുവദിച്ചവർക്കു മാത്രമേ മറ്റുള്ളവർക്കായി ഈ സേവനം ചെയ്തുകൊടുക്കാൻ കഴിയുകയുള്ളൂ. അവർക്കു മാത്രമേ അവിടത്തോടൊപ്പം പങ്ക് ഉണ്ടായിരിക്കാനും (യോഹ 13:8), അങ്ങനെ മറ്റുള്ളവരെ സേവിക്കാനും കഴിയുകയുള്ളൂ.

നമ്മെ സേവിക്കാൻ ക്രിസ്തുവിനെ അനുവദിക്കാനും അങ്ങനെ നമ്മൾ കൂടുതലായി അവിടത്തെപ്പോലെ ആയിത്തീരാനും അനുകൂലമായ ഒരു കാലമാണ് നോമ്പുകാലം. നാം ദൈവവചനം കേൾക്കുമ്പോഴെല്ലാം, കൂദാശകൾ, പ്രത്യേകിച്ച് ദിവ്യകാരുണ്യം സ്വീകരിക്കുമ്പോഴെല്ലാം ഇതു സംഭവിക്കുന്നു. അവിടെ നാം സ്വീകരിക്കുന്നതെന്തോ അത് ആയിത്തീ രുന്നു. ക്രിസ്തുവിന്റെ ശരീരമായിത്തീരുന്നു. മിക്കപ്പോഴും നമ്മുടെ ഹൃദയങ്ങളെ പിടികൂടുന്നതായി തോന്നുന്ന നിസ്സംഗതയ്ക്ക് ഈ ശരീ രത്തിൽ സ്ഥാനമില്ല. എന്തെന്നാൽ ക്രിസ്തുവിന്റേതായിരിക്കുന്നവരെല്ലാം ഒരേ ശരീരത്തിന്റേതാണ്. അവിടന്നിൽ നമുക്കു പരസ്പരം നിസ്സംഗരായി രിക്കാൻ സാധ്യമല്ല. 'ഒരു അവയവം വേദനയനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദനയനുഭവിക്കുന്നു. ഒരു അവയവം പ്രശംസിക്കപ്പെടുമ്പോൾ എല്ലാ അവയവങ്ങളും പ്രശംസിക്കപ്പെടുന്നു' (1 കോറി 12:26).

സഭ പുണ്യാവാന്മാരുടെ കൂട്ടായ്മ (communio sanctorum) ആയിരിക്കുന്നത് സഭയുടെ വിശുദ്ധർമൂലം മാത്രമല്ല. പിന്നെയോ അവളുടെ വിശുദ്ധ വസ്തുക്കളിലുള്ള കൂട്ടായ്മ മൂലവുമാണ്: ക്രിസ്തുവിൽ നമുക്ക് വെളിപ്പെടുത്തപ്പെട്ട ദൈവസ്നേഹവും അവിടത്തെ സകല ദാനങ്ങളും മൂലമാണ്. ഈ സ്നേഹത്താൽ സ്പർശിക്കപ്പെടാൻ സ്വയം അനുവദിക്കുന്നവരുടെ പ്രത്യുത്തരവും ഈ ദാനങ്ങളിൽ ഉൾപ്പെടുന്നുണ്ട്. വിശുദ്ധരുടെ ഈ സംസർഗത്തിൽ, വിശുദ്ധ വസ്തുക്കളുടെ ഈ പങ്കുചേരലിൽ ഒരുവനും ഒരു വസ്തുവും സ്വന്തമായി കൈയടക്കുന്നില്ല. പിന്നെയോ എല്ലാവരുമായി പങ്കുവയ്ക്കുന്നു. നാം ദൈവത്തിൽ ഐക്യപ്പെട്ടിരിക്കുന്നതുകൊണ്ട് നമ്മിൽ നിന്ന് ഏറെ അകലത്തിലുള്ളവർക്കുവേണ്ടി, തനിയേ നമുക്കു എത്തിച്ചേരാൻ സാധിക്കാത്തവർക്കുവേണ്ടി, നമുക്കു ചില കാര്യങ്ങൾ ചെയ്യാൻ കഴിയും. എന്തെന്നാൽ, ദൈവത്തിന്റെ രക്ഷാപദ്ധതിക്ക് എല്ലാവരും തുറവുള്ളവരായിരിക്കാൻ അവരോടൊപ്പവും അവർക്കുവേണ്ടിയും നാം ദൈവത്തോട് യാചിക്കുന്നു.

2. നിന്റെ സഹോദരൻ എവിടെ? (ഉത്പ 4:9): ഇടവകകളും സമൂഹങ്ങളും

സാർവത്രികസഭയെക്കുറിച്ചു നാം പറഞ്ഞുകൊണ്ടിരുന്നതെല്ലാം ഇപ്പോൾ നമ്മുടെ ഇടവകകളുടെയും സമൂഹങ്ങളുടെയും ജീവിതത്തെ സംബന്ധിച്ച് പ്രയോഗിക്കണം. നമ്മൾ ഒറ്റശരീരത്തിന്റെ ഭാഗമാണെന്ന അനുഭവം നമുക്കുണ്ടാകാൻ ഈ സഭാസംവിധാനങ്ങൾ നമ്മെ ശക്തരാക്കുന്നുണ്ടോ? ദൈവം തരാൻ ആഗ്രഹിക്കുന്നത് സ്വീകരിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്ന ശരീരമാണോ അത്? ഏറ്റവും ദുർബലരായവരെയും ഏറ്റവും ദരിദ്രരായവരെയും ഏറ്റവും നിസ്സാരരായവരെയും അംഗീകരിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്ന ശരീരമാണോ അത്? അതോ നമ്മൾ അടയ്ക്കപ്പെട്ട് നമ്മുടെ കതകുകളുടെ മുമ്പിലിരിക്കുന്ന ലാസറിനെ കാണുന്നതിൽ പരാജയപ്പെട്ടുകൊണ്ട് ലോകം മുഴുവനെയും ആശ്ലേഷിക്കുന്ന സാർവത്രിക സ്നേഹത്തിൽ അഭയം തേടുകയാണോ? (ലൂക്കാ 16:19–31).

ദൈവം നമുക്കു നല്കുന്നതു സ്വീകരിക്കുകയും അതിനെ ഫലസമൃദ്ധിയുള്ളതാക്കുകയും ചെയ്യുന്നതിന് നമ്മൾ ദൃശ്യസഭയുടെ അതിരുകൾക്കപ്പുറത്തേക്ക് രണ്ടുവിധത്തിൽ കടന്നുചെല്ലണം.

ഒന്നാമതായി, നാം പ്രാർത്ഥനയിൽ സ്വർഗത്തിലുള്ള സഭയോട് ഐക്യപ്പെട്ടുകൊണ്ട് അങ്ങനെ ചെയ്യണം. ഭൗമികസഭയുടെ പ്രാർത്ഥനകൾ പരസ്പരസേവനത്തിന്റെയും നന്മയുടെയും കൂട്ടായ്മ സ്ഥാപിക്കുന്നു. അത് ദൈവത്തിന്റെ ദിവ്യദൃഷ്ടിയിൽ എത്തിച്ചേരുന്നു. ദൈവത്തിൽ തങ്ങളുടെ സാക്ഷാത്കാരം കണ്ടെത്തിയ വിശുദ്ധരോടൊന്നിച്ച് നാം ആ കൂട്ടായ്മയുടെ ഭാഗമായിത്തീരുന്നു. അതിൽ നിസ്സംഗത സ്നേഹത്താൽ കീഴടക്കപ്പെടുന്നു. സ്വർഗത്തിലെ സഭ വിജയസഭയായിരിക്കുന്നത് ഭൂമിയിലെ സഹനങ്ങളിൽ നിന്നു പുറംതിരിഞ്ഞിരുന്ന് പ്രകാശമാനമായ ഏകാന്തത ആസ്വദിക്കുന്നതുകൊണ്ടല്ല. പിന്നെയോ വിശുദ്ധർ ഒരു വസ്തുതയെക്കുറിച്ച് സന്തോഷപൂർവം ധ്യാനിക്കുന്നതുകൊണ്ടാണ്. യേശുവിന്റെ മരണവും ഉത്ഥാനവും വഴി അവർ എന്നേക്കുമായ നിസ്സംഗതയെയും ഹൃദയകാഠിന്യത്തെയും വിദ്വേഷത്തെയും കീഴടക്കിയെന്നതാണ് ആ വസ്തുത. സ്നേഹത്തിന്റെ ഈ വിജയം ലോകം മുഴുവനിലും വ്യാപിക്കുന്നതുവരെ വിശുദ്ധർ നമ്മുടെ തീർത്ഥാടന മാർഗത്തിൽ നമ്മോടൊപ്പം സഞ്ചരിക്കുന്നു. ഭൂമിയിൽ ഏതെങ്കിലും ഒരു വ്യക്തി സഹിക്കുകയും വേദനിച്ചു കരയുകയും ചെയ്യുന്നിടത്തോളം കാലം ക്രൂശിതസ്നേഹത്തിന്റെ വിജയത്തെക്കുറിച്ച് സ്വർഗത്തിലെ സന്തോഷം അപൂർണമായിരിക്കുമെന്ന ബോധ്യം സഭാപണ്ഡിതയായ ലിസ്യൂവിലെ വിശുദ്ധ തെരേസ പ്രകാശിപ്പിച്ചിട്ടുണ്ട്. 'സ്വർഗത്തിൽ ഞാൻ അലസതയോടെയിരിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. സഭയ്ക്കും ആത്മക്കൾക്കും വേണ്ടിയുള്ള ജോലി തുടരണമെന്നാണ് എന്റെ ആഗ്രഹം' എന്നു അവൾ പറയുന്നു (എഴുത്ത് 254, ജൂലൈ 14, 1897).

സമാധാനത്തിനും അനുരഞ്ജനത്തിനുമുള്ള നമ്മുടെ സമരത്തിലും ആഗ്രഹത്തിലും വിശുദ്ധർ പങ്കുചേരുമ്പോഴും നാം അവരുടെ യോഗ്യതകളിലും സന്തോഷത്തിലും പങ്കുചേരുന്നു. നമ്മുടെ നിസ്സംഗ

തയെയും ഹൃദയകഠിന്യത്തെയും കീഴടക്കാൻ നാം പരിശ്രമിക്കുമ്പോൾ ഉത്ഥിതനായ ക്രിസ്തുവിന്റെ വിജയത്തിലുള്ള അവരുടെ സന്തോഷം നമുക്കു ശക്തി നല്കുന്നു.

രണ്ടാമതായി, ഓരോ ക്രൈസ്തവസമൂഹത്തിനും ഒരു വിളിയുണ്ട്. തന്നിൽനിന്നു പുറത്തുകടക്കാനും അത് ഏതിന്റെ ഭാഗമായിരിക്കുന്നുവോ ആ വിപുലസമൂഹത്തിന്റെ ജീവിതത്തിൽ, പ്രത്യേകിച്ച് ദരിദ്രരുടെയും അകലങ്ങളിലും അതിരുകളിലുള്ളവരുടെയും ജീവിതത്തിൽ, വ്യാപരിക്കാനുള്ള വിളിയാണത്. സഭ പ്രകൃത്യാ പ്രേഷിതയാണ്. അവൾ ഒരിക്കലും തന്നിൽത്തന്നെ അടച്ചുപൂട്ടിയിരിക്കുന്നില്ല. പിന്നെയോ ഓരോ ദേശത്തേക്കും ജനതയിലേക്കും അയയ്ക്കപ്പെട്ടവളാണ്.

സൃഷ്ടി മുഴുവനെയും ഓരോ മനുഷ്യവ്യക്തിയെയും പിതാവിങ്കലേക്കു നയിക്കാൻ ആഗ്രഹിക്കുന്ന ഏകപുത്രന് ക്ഷമാപൂർവം സാക്ഷ്യം വഹിക്കുകയെന്നതാണ് സഭയുടെ ദൗത്യം. ഓരോ സ്ത്രീയിലേക്കും പുരുഷനിലേക്കും ഭൂമിയുടെ ഓരോ അതിരിലേക്കും നയിക്കുന്ന വഴികളിലൂടെ സഭ യേശുക്രിസ്തുവിനെ അനുഗമിക്കുന്നു(cf അപ്പ 1:8). നമ്മുടെ ഓരോ അയൽവാസിയിലും, ക്രിസ്തു ആർക്കുവേണ്ടി മരിക്കുകയും ഉയിർക്കുകയും ചെയ്തുവോ ആ സഹോദരനെയും സഹോദരിയെയും കണ്ടെത്തണം. നാം സ്വീകരിച്ചത് അവർക്കുംകൂടി വേണ്ടി സ്വീകരിച്ചതാണ്. അതുപോലെ, നമ്മുടെ സഹോദരീ സഹോദരന്മാർക്കുള്ളതെല്ലാം സഭയ്ക്കും മുഴുവൻ മനുഷ്യവംശത്തിനും വേണ്ടിയുള്ള ദാനമാണ്.

പ്രിയ സഹോദരീസഹോദരന്മാരേ, സഭ സന്നിഹിതമായിരിക്കുന്ന എല്ലാസ്ഥലങ്ങളും, പ്രത്യേകിച്ച് ഇടവകകളും സമൂഹങ്ങളും നിസ്സംഗതയുടെ സമുദ്രത്തിൽ കാരുണ്യത്തിന്റെ ദ്വീപുകളായിരിക്കണമെന്ന് എത്ര തീവ്രമായി ഞാൻ ആഗ്രഹിക്കുന്നു!

3. നിങ്ങൾ ദൃഢചിത്തരായിരിക്കുവിൻ (യാക്കോ 5:8): ഓരോ ക്രൈസ്തവനും വ്യക്തികളെന്ന നിലയിലും നാം നിസ്സംഗതയാൽ പ്രലോഭിപ്പിക്കപ്പെടുന്നു. മാനുഷികസഹനത്തിന്റെ വാർത്തകളും റിപ്പോർട്ടുകളും ചിത്രങ്ങളും ജലപ്രളയം പോലെ വരുന്നു. അപ്പോൾ സഹായിക്കാൻ നമുക്ക് ഒട്ടും കഴിവില്ലെന്നു തോന്നിപ്പോകും. അസ്വസ്ഥതയുടെയും

ശക്തിരാഹിത്യത്തിന്റെയും പിടിയിൽ നിന്നു മാറി നില്ക്കാൻ നമുക്കു എങ്ങനെ കഴിയും?

ഒന്നാമതായി, ഭൂമിയിലും സ്വർഗത്തിലുമുള്ള സഭയുമായുള്ള സംസർഗത്തിൽ നമുക്കു പ്രാർത്ഥിക്കാൻ കഴിയും. പ്രാർത്ഥനയിൽ ഐക്യപ്പെട്ട അനേകം ശബ്ദങ്ങളുടെ ശക്തിയെ നാം വിലകുറച്ചു കാണരുത്. 'ഇരുപത്തിനാലു മണിക്കൂർ കർത്താവിനുവേണ്ടി' എന്ന സംരംഭം പ്രാർത്ഥനയുടെ ഈ ആവശ്യം സൂചിപ്പിക്കുന്ന അടയാളമായിരിക്കാനുള്ളതാണ്. അത് മാർച്ച് 13, 14 തീയതികളിൽ സഭ മുഴുവനിലും, രൂപാതാതലത്തിലും നടപ്പാക്കുമെന്നു ഞൻ പ്രത്യാശിക്കുന്നു.

രണ്ടാമതായി, പരസ്നേഹപ്രവൃത്തികൾ വഴി സഹായിക്കാൻ നമുക്കു സാധിക്കും. സഭയുടെ അനേകം ജീവകാരുണ്യസംഘടനകളിലൂടെ അടുത്തും അകലെയുമുള്ളവരിലേക്ക് എത്തിച്ചേർന്ന് അങ്ങനെ ചെയ്യാൻ കഴിയും. ഏക മനുഷ്യകുടുംബത്തിലെ അംഗങ്ങളാണ് നമ്മൾ എന്ന് വ്യക്തമാക്കാനുള്ള ചെറുതും എന്നാലും മൂർത്തവുമായ അടയാളങ്ങൾ വഴി മറ്റുള്ളവരോടുള്ള താത്പര്യം കാണിക്കാൻ അനുകൂലകാലഘട്ടമാണ് നോമ്പുകാലം.

മൂന്നാമതായി, മറ്റുള്ളവരുടെ സഹനം മാനസാന്തരത്തിലേക്കുള്ള ഒരു വിളിയാണ്. എന്റെ ജീവിതത്തിന്റെ അനിശ്ചിതത്വവും ദൈവത്തിലും സഹോദരീസഹോദരന്മാരിലുമുള്ള എന്റെ ആശ്രിതാവസ്ഥയും അവരുടെ ആവശ്യം എന്നെ ഓർമ്മിപ്പിക്കുന്നു. നമ്മൾ വിനയപൂർവം ദൈവകൃപയ്ക്കായി അപേക്ഷിക്കുകയും നമ്മുടെ പരിമിതികൾ അംഗീകരിക്കുകയും ചെയ്താൽ ദൈവം നമുക്ക് നല്കുന്ന അനന്തസാധ്യതകളെക്കുറിച്ച് നമുക്ക് ആത്മവിശ്വാസമുണ്ടാകും. ലോകത്തെയും നമ്മെത്തന്നെയും നമ്മുടെ പരിശ്രമങ്ങൾകൊണ്ട് രക്ഷിക്കാൻ കഴിയുമെന്ന തോന്നലാകുന്ന പൈശാചിക പ്രലോഭനത്തെ തടഞ്ഞുനിറുത്താനും നമുക്കു കഴിയും.

നിസ്സംഗതയെയും സ്വയംപര്യാപ്തതയെക്കുറിച്ചുള്ള തോന്നലുകളെയും കീഴടക്കാൻ, ഹൃദയരൂപീകണമെന്ന് ബെനഡിക്ട് 16–ാമൻ വിളിച്ച (cf ദൈവം സ്നേഹമാകുന്നു 31) പ്രക്രിയയിൽ ഏർപ്പെടാനുള്ള

ഒരവസരമായി ഈ നോമ്പുകാലം ചെലവഴിക്കാൻ എല്ലാവരെയും ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കാരുണ്യമുള്ള ഹൃദയം എന്നതിന്റെ അർത്ഥം ദുർബലഹൃദയമെന്നല്ല. കാരണ്യമുള്ളവരാകാൻ ആഗ്രഹിക്കുന്ന ഏതു വ്യക്തിയും ശക്തിയും സ്ഥിരതയുമുള്ള ഹൃദയമുണ്ടായിരിക്കണം. അത് പ്രലോഭകനെതിരേ അടഞ്ഞതും ദൈവത്തിന്റെ നേരേ തുറന്നതുമായിരിക്കണം. സഹോദരീസഹോദരന്മാരിലേക്കുള്ള വഴിയിൽ സ്നേഹംകൊണ്ടുവരുവാൻ പരിശുദ്ധാത്മാവിനാൽ കുത്തിത്തുറക്കപ്പെടാൻ സ്വയം അനുവദിക്കുന്ന ഹൃദയമായിരിക്കണം. ആത്യന്തികമായി ഒരു പാവപ്പെട്ട ഹൃദയമായിരിക്കണം. സ്വന്തം ദാരിദ്ര്യം അറിയുന്നതും മറ്റുള്ളവർക്കായി സ്വയം ദാനം നല്കുന്നതുമായിരിക്കണം.

അതുകൊണ്ട്, സഹോദരീസഹോദരന്മാരേ, നമുക്ക് എല്ലാവർക്കും കർത്താവിനോട് ഇങ്ങനെ പ്രാർത്ഥിക്കാം. ഞങ്ങളുടെ ഹൃദയങ്ങളെ അങ്ങയുടെ ഹൃദയത്തിനൊത്തതാക്കണമേ (ഈശോയുടെ തിരുഹൃദയത്തിന്റെ ലുത്തീനിയ). ഇങ്ങനെ ഉറപ്പുള്ളതും കരുണാർദ്രവും ശ്രദ്ധാപൂർവകവുംഉദാരതാപൂർണവുമായ ഒരഹൃദയംനാംസ്വീകരിക്കും. അടയ്ക്കപ്പെടാത്തതും നിസ്സംഗതയുടെ ആഗോളവത്കരണത്തോട് നിസ്സംഗത പുലർത്തുകയോ അതിന്റെ ഇരയാവുകയോ ചെയ്യാത്തതുമായ ഹൃദയം നമുക്കുണ്ടാകും.

ഓരോ വിശ്വസിക്കും ഓരോ സഭാസമൂഹത്തിനും ഈ നോമ്പുകാലം ആധ്യാത്മികമായി ഫലപൂർണമാകുമെന്ന് ഞാൻ പ്രാർത്ഥനാപൂർവം പ്രത്യാശിക്കുന്നു. എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ നിങ്ങളോട് എല്ലാവരോടും ഞാൻ അഭ്യർത്ഥിക്കുന്നു. കർത്താവു നിങ്ങളെ അനുഗ്രഹിക്കട്ടെ. കന്യകാമാതാവ് നിങ്ങളെ കാത്തുസൂക്ഷിക്കട്ടെ.

വത്തിക്കാനിൽ നിന്ന്, 4 ഒക്ടോബർ 2014
വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ തിരുനാൾ ദിവസം
ഫ്രാൻസിസ് മാർപാപ്പാ

## സർക്കുലർ

സീറോ മലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പ് ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ !

മനുഷ്യകുലത്തിന്റെ സുസ്ഥിതിക്കും ഭാവിക്കുമായി ദൈവം സ്ഥാപിച്ച നിർണ്ണായകവും അമൂല്യവുമായ കുടുംബത്തെക്കുറിച്ച് വിചിന്തനം നടത്താൻ 2014 ഒക്ടോബർ 5 മുതൽ 19 വരെ റോമിൽ വച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പായുടെ അദ്ധ്യക്ഷതയിൽ ഒരു അസാധാരണ സിനഡ് നടന്നത് മാധ്യമങ്ങളിലൂടെ നിങ്ങൾ അറിഞ്ഞ കാര്യമാണല്ലോ. ഇന്നത്തെ കുടുംബത്തെ അതിന്റെ സർവ്വ സങ്കീർണ്ണതകളോടും പ്രകാശങ്ങളോടും നിഴലുകളോടും കൂടി നോക്കിക്കാണുക, കുടുംബത്തെക്കുറിച്ച് നാളിതുവരെ സഭയ്ക്കുലഭിച്ച വെളിപാടുകളെയും പ്രബോധനങ്ങളെയും മനസ്സിലാക്കുക, കുടുംബത്തോടുള്ള സഭയുടെയും സമൂഹത്തിന്റെയും സമർപ്പണത്തെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ എപ്രകാരമാണ് നവീകരിക്കാൻ സാധിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് അസാധാരണ സിനഡ് സമ്മേളിച്ചത്.

സ്ത്രീയും പുരുഷനും തമ്മിലുള്ള വിവാഹത്തിലെ പവിത്രമായ കൗദാശികബന്ധത്തിന്റെ മഹത്വത്തിനു കോട്ടം വരുത്തുന്ന സാമൂഹികവും സാംസ്കാരികവുമായ പ്രശ്നങ്ങൾ വർദ്ധിച്ചുവരുന്നതായി സിനഡ് വിലയിരുത്തി. വിവാഹ മോചനം, വിവാഹപൂർവ്വ ലൈംഗികത, മിശ്രവിവാഹം, വിവാഹേതര കൂടിത്താമസം തുടങ്ങിയവ കുടുംബബന്ധത്തിന്റെ പവിത്രതയ്ക്കു സാരമായ ഭംഗം വരുത്തുന്നുണ്ട്. കുട്ടികളെ വളർത്താനുള്ള പ്രയാസത്തിന്റെയും പുതിയ ജീവനെ സ്വാഗതം ചെയ്യാനുള്ള വൈമുഖ്യത്തിന്റെയും വാർദ്ധക്യത്തിലെത്തിയവരെ ഭാരമായി കരുതുന്ന ശൈലിയുടെയും ഒരു പ്രതിലോമ സംസ്കാരം നമ്മുടെ കുടും

ബങ്ങളിൽ രൂപപ്പെട്ടുവരുന്നത് ദൂരവ്യാപകമായ ദോഷഫലങ്ങൾ ഉള വാക്കുമെന്നും സിനഡ് നിരീക്ഷിക്കുകയുണ്ടായി. വിവാഹബന്ധത്തിനു വെളിയിൽ ജനിക്കുന്ന കുഞ്ഞുങ്ങളും വിവാഹമോചനം നേടിയ ദമ്പതിക ളുടെ കുഞ്ഞുങ്ങളും സാമൂഹികവും ആത്മീയവുമായി അനുഭവിക്കുന്ന അരക്ഷിതാവസ്ഥ ഭീതിദമാണ്. സ്ത്രീകൾക്കെതിരെ വർദ്ധിച്ചു വരുന്ന അതിക്രമങ്ങളും കുടുംബഭദ്രതയിൽ ആശങ്ക ഉളവാക്കുന്നതാണ്.

സങ്കീർണ്ണമായ ഈ പ്രതിസന്ധികൾക്കെല്ലാമുള്ള ഉത്തരം മനുഷ്യാവ താരം ചെയ്ത ഈശോയിലേക്കു തിരിയുക എന്നതു മാത്രമാണെന്ന് പരി. പിതാവ് സിനഡിലെ തന്റെ ആമുഖപ്രഭാഷണത്തിൽ ചൂണ്ടിക്കാട്ടി. ദൈവം യോജിപ്പിച്ച ബന്ധമാകയാൽ വിവാഹബന്ധം അഭേദ്യവും അലംഘനീയവുമാണ് (മത്താ 19:8) എന്ന ഈശോയുടെ കാഴ്ചപ്പാടാണ് തിരുസ്സഭയുടെ വിവാഹദർശനത്തിന്റെ കാതൽ. ഈ കാഴ്ചപ്പാടനുസ രിച്ച് ദമ്പതികൾ അന്യോന്യം ഭാരമായിട്ടല്ല ദൈവദാനമായിട്ടാണ് മനസ്സി ലാക്കേണ്ടത്. കുടുംബത്തെക്കുറിച്ചുള്ള ദൈവികപദ്ധതി ആദ്യമായി വെളിപ്പെട്ടത് ആദിമാതാപിതാക്കളുടെ പറുദീസായിലെ കുടുംബത്തി ലാണ്. ഫലപുഷ്ടിയുള്ളവരായി വർദ്ധിക്കുവാനുള്ള കൃപയും ദൈവം അവർക്കു നല്കി (ഉത്പത്തി 1:28). ദമ്പതികൾ ഒറ്റ ശരീരമായിത്തീരാ നുള്ള ഈ ദൈവികാഹ്വാനത്തിന് ഭംഗം വന്നത് പാപം മൂലമാണ്. എവി ടെയാണോ സ്വാർത്ഥപരമായ പാപം വർദ്ധിക്കുന്നത് അവിടെയാണ് വി വാഹവും കുടുംബജീവിതവും അപകടത്തിലാകുന്നത് എന്ന സനാതന മായ സന്ദേശമാണ് വിശുദ്ധഗ്രന്ഥം നല്കുന്നത്.

ഭദ്രമായ കുടുംബങ്ങളാണ് സഭയുടെ യഥാർത്ഥ അടിത്തറ എന്നതി നാൽ രണ്ടാം വത്തിക്കാൻ കൗൺസിൽ കുടുംബത്തെ 'ഗാർഹിക സഭ' എന്നാണ് വിളിക്കുന്നത് (LG, 11). 2014–ലെ സിനഡിന്റെ മാർഗ്ഗരേഖ പ്രസ്താവിക്കുന്നതുപോലെ, 'സഭയൊന്നാകെ വിവാഹിതരായ ദമ്പതിക ളിലേക്ക് പ്രത്യാശയോടെ ഉറ്റുനോക്കുകയാണ്. ദമ്പതികളാകട്ടെ ഈശോ യിലേക്കും ഉറ്റുനോക്കുന്നു. മനുഷ്യവംശത്തിന്റെ കൂട്ടായ്മയ്ക്കും നിലനില്പിനും കുടുംബം അടിസ്ഥാനപരമായ അനിവാര്യതയാണ്' (LM, 22).

മാതാവും ഗുരുനാഥയുമായ സഭ മാമ്മോദീസ സ്വീകരിച്ചവരുടെ വിവാഹത്തെമാത്രമാണ് അലംഘനീയമായ കൗദാശികബന്ധമായി പരിഗണിക്കുന്നത്. ഇതിനെ ലംഘിക്കുന്ന സകല മാനുഷിക ഇടപെടലുകളും തെററാണെന്ന് സഭയ്ക്ക് ഉത്തമബോധ്യമുണ്ട്. എന്നാൽ വിവാഹമോചനം, മിശ്രവിവാഹം, കൂടിത്താമസം തുടങ്ങിയ വിവിധ പ്രതിസന്ധികളാൽ വിശ്വാസയാത്രയിൽ ക്ലേശിക്കുന്ന തന്റെ മക്കളുടെ ദൗർബല്യത്തെക്കുറിച്ച് സഭാമാതാവിന് വേദനയുമുണ്ട്.

2014–ലെ സിനഡിലെ ചർച്ചകളെ അടിസ്ഥാനപ്പെടുത്തി രൂപപ്പെടുത്തിയ മാർഗ്ഗരേഖയാണ് 2015 ഒക്ടോബർ 4 മുതൽ 25 വരെയുള്ള മെത്രാൻസിനഡിന്റെ ഒരുക്കരേഖയായി പരി. പിതാവ് നിർദ്ദേശിച്ചിരിക്കുന്നത്. 'കുടുംബത്തിന്റെ വിളിയും ദൗത്യവും സഭയിലും ആനുകാലിക ലോകത്തിലും' എന്നതാണ് 2015 ലെ സാധാരണ സിനഡിന്റെ പ്രമേയം. ഈ സിനഡിൽ സാർവ്വത്രികസഭയിലെ മുഴുവൻ അംഗങ്ങളുടെയും ആശയങ്ങളും അഭിപ്രായങ്ങളും പ്രതിഫലിക്കണം എന്നതാണ് പരി. പിതാവിന്റെ ആഗ്രഹം. ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുവാനായി സിനഡിന് ഒരുക്കമായുള്ള മാർഗ്ഗരേഖ സഭയുടെ എല്ലാ തലങ്ങളിലും ചർച്ച ചെയ്യേണ്ടതുണ്ട്. ഇടവക, ഫൊറോന, രൂപതാ തലങ്ങളിൽ സമഗ്രമായ ചർച്ചകൾ നടത്തി രൂപതാതല റിപ്പോർട്ട് ക്രോഡീകരിച്ച് മാർച്ച് 20 ന് മുൻപായി സഭയുടെ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിലെ കാര്യാലയത്തിലേക്ക് അയച്ചുതരണം. കൂടാതെ മാർച്ച് 24–ാം തീയതി  മൗണ്ട് സെന്റ് തോമസിൽ വച്ച് കുടുംബത്തെക്കുറിച്ച് സഭാതല പഠനസമ്മേളനവും നടത്തുന്നുണ്ട്.

സന്യാസസമൂഹങ്ങളും ഈ വിഷയം ചർച്ച ചെയ്ത് സമൂഹതലത്തിലുള്ള റിപ്പോർട്ട് പ്രസ്തുത തീയതിക്കു മുൻപായി സഭാകാര്യാലയത്തിൽ ഏല്പിക്കണം. കാരണം, സീറോ മലബാർ സഭയിലെ മുഴുവൻ രൂപതകളുടെയും സന്യാസഭവനങ്ങളുടെയും റിപ്പോർട്ടുകൾ ക്രോഡീകരിച്ച് ഏപ്രിൽ ആദ്യവാരത്തിൽ റോമൻ കൂരിയായിൽ സമർപ്പിക്കേണ്ടതാണ്.

നമ്മുടെ രക്ഷക്കായി നസ്രത്തിലെ തിരുക്കുടുംബത്തിൽ അവതരിക്കുകയും ദൈവപിതാവിന്റെ വലിയ കുടുംബത്തിലെ മക്കളാക്കി നമ്മെ ഉയർത്തുകയും ചെയ്ത ഈശോ നമ്മുടെ കുടുംബങ്ങളെ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് എല്ലാ കുടുംബങ്ങളെയും ആശീർവദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

കർദ്ദിനാൾ ജോർജ് ആലഞ്ചേരി,
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2015–ാം ആണ്ട് ജനുവരി മാസം 18 –ാം തിയതി നൽകപ്പെട്ടത്.

## ഇടയലേഖനം

അഭിവന്ദ്യ മെത്രാപ്പോലീത്തമാരേ, മെത്രാന്മാരേ, ബഹുമാനപ്പെട്ട വൈദികരേ, സന്ന്യസ്തരേ, പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ വിശുദ്ധനാമത്തിൽ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും ആശംസകൾ!

ഭാരതത്തിന്റെ 66–ാമത് റിപ്പബ്ലിക്ദിനം ആഘോഷിച്ചതേ ഉള്ളൂ. റിപ്പബ്ലിക് ദിനാഘോഷത്തിൽ മുഖ്യാതിഥിയായി അമേരിക്കൻ പ്രസിഡന്റ് സന്നിഹിതനായിരുന്നുവെന്നത് ആഘോഷങ്ങളെ പ്രത്യേകം ശ്രദ്ധേയമാക്കി. ഈ സന്ദർഭത്തിൽ ചില ചിന്തകൾ പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ന്യൂഡൽഹിയിൽ 2015 ജനുവരി 20–ന് സിബിസിഐ സെന്ററിൽ വച്ചു നടന്ന ഭാരതീയ കത്തോലിക്കാ മെത്രാന്മാരുടെ കോൺഫ്രൻസ് സംഘടിപ്പിച്ച പ്രത്യേക ആലോചനായോഗത്തിൽ ഉരുത്തിരിഞ്ഞ ചിന്തകളാണ് നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. ഈ ആലോചനായോഗത്തിൽ കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ്, കർദിനാൾ ജോർജ് ആലഞ്ചേരി, കർദിനാൾ ടെലെസ്ഫോർ റ്റോപ്പോ എന്നിവരും ഞാനും ഉൾപ്പെടെ ഭാരതത്തിലെ നാലു കർദിനാൾമാർ സംബന്ധിച്ചു. സിബിസിഐയുടെ കാര്യനിർവാഹകരുമുണ്ടായിരുന്നു. കൂടാതെ, കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ (CCI), കോൺഫ്രൻസ് ഓഫ് റിലീജിയസ് ഇന്ത്യ (CRI), ഓൾ ഇന്ത്യാ കാത്തലിക് യൂണിയൻ (AICU), ഇന്ത്യൻ കാത്തലിക് യൂത്ത് മൂവ്മെന്റ് (ICYM), എന്നിവയുടെ പ്രതിനിധികളും നിയമവിദഗ്ധരും മനുഷ്യാവകാശ പ്രവർത്തകരും സാമൂഹിക പ്രവർത്തകരും സംബന്ധിച്ചിരുന്നു. ഈ ആലോചനായോഗത്തിനുശേഷം ഡൽഹിയിലും പരിസരപ്രദേശങ്ങളിലുമുള്ള മറ്റു ക്രൈസ്തവസഭകളുടെ നേതാക്കളുമായി (NCCI, EFI) കൂടിയാലോചന നടത്തി.

നമ്മുടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അടുത്തകാലത്തു നടന്ന ഞെട്ടിക്കുന്ന ചില സംഭവങ്ങൾ ന്യൂനപക്ഷസമൂഹങ്ങളുടെ പ്രത്യേകിച്ച് ക്രൈസ്തവസമൂഹത്തിന്റെ വികാരങ്ങളെ മുറിപ്പെടുത്തുകയും നമ്മുടെ രാഷ്ട്രത്തിന്റെ മതനിരപേക്ഷ സംവിധാനത്തിലുള്ള വിശ്വാസത്തെ

പിടിച്ചു കുലുക്കുകയും ചെയ്തിട്ടുണ്ട് എന്നു വിലയിരുത്തപ്പെട്ടു. ഛത്തീസ്ഗഡ്, മധ്യപ്രദേശ്, ഒഡീഷ, ഉത്തർപ്രദേശ്, ഡൽഹി എന്നിവിടങ്ങളിൽ പള്ളികൾക്കും വൈദികർക്കും അല്മായർക്കും എതിരേ ഉണ്ടായ പരിഭ്രാന്തിജനകമായ സംഭവങ്ങൾ ക്രൈസ്തവസമൂഹത്തിന് വലിയ ഉത്കണ്ഠയ്ക്കു കാരണമായിരിക്കുന്നു. 'പുനർമതപരിവർത്തന'ത്തിന്റെ പേരിൽ നടക്കുന്ന വാദപ്രതിവാദങ്ങൾ ഇന്ത്യയ്ക്കു നിഷേധാത്മക പ്രതിഛായയാണ് സൃഷ്ടിക്കുന്നത്. സമുദായധ്രുവീകരണവും ഇന്ത്യയെ ഏകജാതീയമാക്കാനുള്ള ആഹ്വാനവും എല്ലാ ന്യൂനപക്ഷങ്ങൾക്കും– സ്ത്രീകൾക്കും ദളിതർക്കും, ഭാഷാപരമായും സാംസ്കാരികമായും മതപരമായും ന്യൂനപക്ഷങ്ങളായിട്ടുള്ള എല്ലാവർക്കും ഭീഷണി ഉയർത്തുകയാണ്. കൂടാതെ, അടുത്തകാലത്തുണ്ടായ പല ബില്ലുകളും ഓർഡിനൻസുകളും പാവപ്പെട്ട കർഷകർ, മീൻപിടിത്തക്കാർ, തൊഴിലാളികൾ, ദളിതർ, ഗോത്രവർഗങ്ങൾ, മറ്റുള്ള പാർശ്വവത്കൃതസമൂഹങ്ങൾ എന്നിവരുടെ ജീവിതത്തെയും ജീവസന്ധാരണത്തെയും ദുർബലപ്പെടുത്തുമെന്ന് വിലയിരുത്തപ്പെടുന്നു.

'ഘർ വാപസി' പരിപാടികളും വിദ്യാഭ്യാസത്തെയും സംസ്കാരത്തെയും 'കാവിവത്ക്കരിക്ക'ലും ഹിന്ദു രാഷ്ട്രത്തിനുവേണ്ടിയുള്ള മുറവിളികളും നമ്മുടെ പ്രിയപ്പെട്ട രാജ്യത്തിന്റെ മതനിരപേക്ഷ സ്വഭാവത്തെ വെല്ലുവിളിക്കുകയാണ്. വിദ്യാഭ്യാസത്തിന്റെ 'കാവിവത്ക്കരണം' വരുംതലമുറക്ക് ഒരു ബൗദ്ധിക ഭീഷണിയാണ്. മതപരിവർത്തനം ഒരുവന്റെ സ്വതന്ത്രമനസ്സിന്റെയും ഭരണഘടനാപരവും മൗലികവുമായ അവകാശത്തിന്റെയും മനസ്സാക്ഷി സ്വാതന്ത്ര്യത്തിന്റെയും മതസ്വാതന്ത്ര്യത്തിന്റെയും പ്രയോഗമാണ്. എന്നാൽ 'ഘർ വാപസി' യെന്നത് ഒരു രാഷ്ട്രീയ പ്രക്രിയയാണ്. മതദേശീയവാദത്തിന്റെ ശക്തരായ വക്താക്കളാണ്അതുനടത്തുന്നത്.അത്മതനിരപേക്ഷതയുടെതത്ത്വത്തിന് ഏറെ വിരുദ്ധവുമാണ്.

നമ്മുടെ രാജ്യത്തെ എല്ലാ പൗരന്മാർക്കും ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും അത് അഭ്യസിക്കാനും പ്രചരിപ്പിക്കാനും ഉള്ള അവകാശം ഇന്ത്യൻ ഭരണഘടന ഉറപ്പു നല്കുന്നുണ്ട്. ദീർഘകാലമായി

വ്യത്യസ്തമതങ്ങൾ തഴച്ചുവളർന്ന രാജ്യമാണ് ഇന്ത്യ. എല്ലാവരുടെയും അവകാശങ്ങൾ – മതവിശ്വാസമോ ലിംഗഭേദമോ ജാതിയോ പരിഗണിക്കാതെ – സുരക്ഷിതമാക്കാൻ നമ്മുടെ രാഷ്ട്രത്തിന്റെ സ്ഥാപകപിതാക്കന്മാർ സവിശേഷമായി പരിശ്രമിച്ചിട്ടുണ്ട്. മതസ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടന ഉറപ്പുനല്കുന്ന ഒരു മനുഷ്യാവകാശമാണ്. ഇത് ജനാധിപത്യപരമായ ഒരു മൂല്യവും ഭരണഘടന ഉറപ്പുനല്കുന്ന മൗലികാവകാശവുമാണ്.

രണ്ടായിരത്തോളം വർഷമായി, ക്രിസ്തുമതം ഭാരതത്തിൽ വേരുറച്ചിട്ട്. ക്രൈസ്തവരായ നാം ദൈവത്തിലും മനുഷ്യനന്മയിലും വിശ്വസിക്കുന്നവരാണ്. വിദ്യാഭ്യാസം, ആരോഗ്യപാലനം, സാമൂഹിക വികസനം മുതലായവയുടെ മണ്ഡലങ്ങളിൽ നാം ഈ രാജ്യത്തെ നിസ്വാർത്ഥമായി സേവിച്ചുപോരുന്നുണ്ട്. ജാതിയോ വിശ്വാസമോ മതമോ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള യാതൊരു വിവേചനവും കൂടാതെയാണ് അങ്ങനെ ചെയ്യുന്നത്.

